**കേരള സർക്കാർ**
**ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ**

**പത്രക്കുറിപ്പ്**
**2019 ഡിസംബർ 02 തിങ്കൾ**
<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**
<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## വിദ്യാർത്ഥികൾ ഏറ്റവും സുരക്ഷിതമായി പഠിക്കുന്ന സംസ്ഥാനം കേരളം : മന്ത്രി കെ ടി ജലീൽ

ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇന്ത്യയിൽ വിദ്യാർത്ഥികൾ ഏറ്റവും സുരക്ഷിതമായി പഠിക്കുന്ന ഇടമാണ് കേരളമെന്ന് ന്യൂനപക്ഷക്ഷേമ-ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ഡോ. കെ ടി ജലീൽ. കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗം ശക്തമായിരുന്നില്ലെങ്കിൽ, ഇതരസംസ്ഥാനങ്ങൾക്ക് സമാനമായ സ്ഥിതിയിൽ കേരളം മാറിയേനെ. അതിൽ നിന്ന് വ്യത്യസ്തമായി സ്വപ്ന സമാനമായ പാതയിലാണ് ഇന്ന് കേരളമെന്നും മന്ത്രി അഭിപ്രായപ്പെട്ടു. ന്യൂനപക്ഷ ക്ഷേമ വകുപ്പ് 'പാസ്വേഡ് 2019-20' ഏകദിന സൗജന്യ വ്യക്തിത്വ വികസന കരിയർ ഗൈഡൻസ് ക്യാമ്പ് സംസ്ഥാനതല ഉദ്ഘാടനവും അഴീക്കോട് സീതിസാഹിബ് ഹൈസ്കൂൾ കെട്ടിടം പുനർനിർമാണ ശിലാസ്ഥാപന കർമവും നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇന്ത്യയിൽ ദേശീയ പ്രശസ്തിയിൽ നിൽക്കുന്ന വിദ്യാലയങ്ങളിലെ വിദ്യാർഥികളുടെ ജീവനും സുരക്ഷയും അവതാളത്തിലായ സാഹചര്യത്തിൽ അതിനൊരു ബദൽ മാതൃകയാണ് കേരളം. അത്തരം സാഹചര്യങ്ങളെ പ്രതിരോധിക്കാനുള്ള പദ്ധതികൾക്കാണ് സർക്കാർ രൂപം നൽകുന്നത്. സുൽത്താൻ ബത്തേരിയിലെ വിദ്യാലയത്തിൽ നടന്ന ഒറ്റപ്പെട്ട സംഭവത്തെ മുൻ നിർത്തി വിദ്യാഭ്യാസ പ്രസ്ഥാനത്തെയും അധ്യാപകസമൂഹത്തെയും ഒന്നടങ്കം മാറ്റി നിർത്താനുള്ള വ്യാജ പ്രചരണമാണ് നടത്തുന്നത്. പൊതുവിദ്യാഭ്യാസ രംഗം ശക്തമായാൽ വർഗീയതയ്ക്ക് സമൂഹത്തിൽ ഇടമുണ്ടാകില്ല. പള്ളി മിനാരങ്ങളിലൂടെയും വോട്ടർ പട്ടികയിലൂടെയും വിദ്യാഭ്യാസ രംഗം ദുർബ്ബലമാക്കി മതാന്ധത വളർത്താൻ ചിലർ രഹസ്യമായി നടത്തുന്ന ശ്രമങ്ങളെ തിരിച്ചറിയണം. നാടിന്റെ പരിച്ഛേദത്തിൽ നിന്ന് സൗഹൃദം വളർത്തിയെടുക്കാൻ കഴിയുന്ന ഇടങ്ങളാണ് കേരളത്തിലെ പൊതുവിദ്യാലയങ്ങൾ. അതത് സമുദായത്തിൽ നിന്ന് കൂട്ടുകാരെ തെരഞ്ഞെടുക്കാനുള്ള പ്രവണതയിൽ നിന്ന് കുട്ടികളെ നിരുത്സാഹപ്പെടുത്തണം. ബഹുസ്വരതയും മതനിരപേക്ഷതയും ചെറുപ്പത്തിലേ ആർജ്ജിക്കാൻ കഴിയുന്ന ഇടങ്ങളാണ് പൊതുവിദ്യാലയങ്ങൾ. അവ അക്ഷരങ്ങളും അറിവും പകരുന്ന കേന്ദ്രങ്ങൾ മാത്രമല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഹൈസ്കൂൾ-ഹയർസെക്കൻഡറി തലങ്ങളിൽ പഠിക്കുന്ന ന്യൂനപക്ഷ മത വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനം ലക്ഷ്യം വെച്ച് സംസ്ഥാന ന്യൂനപക്ഷ വകുപ്പ് നടപ്പിലാക്കുന്ന വ്യക്തിത്വ വികസന കരിയർ ഗൈഡൻസ് പരിശീലന ക്യാമ്പാണ് പാസ്വേഡ് 2018-2019. ഇതിൽ എസ്എസ്എൽസി വിദ്യാർത്ഥികൾക്കായി നടത്തുന്ന ഏകദിന പരിശീലന ക്യാമ്പിനാണ് അഴീക്കോട് സീതിസാഹിബ് ഹയർസെക്കൻഡറി സ്കൂളിൽ തുടക്കമിട്ടത്.

ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ സിസിഎംവൈയിൽ നിന്ന് ജോലി കിട്ടിയവർക്കുള്ള ഉപഹാരസമർപ്പണവും നടത്തി. ജില്ലാ കളക്ടർ എസ് ഷാനവാസ് ആമുഖ പ്രഭാഷണവും അഡ്വക്കേറ്റ് വി ആർ സുനിൽകുമാർ എംഎൽഎ മുഖ്യപ്രഭാഷണവും

നിർവഹിച്ചു. കൊടുങ്ങല്ലൂർ നഗരസഭാ ചെയർമാൻ കെ ആർ ജൈത്രൻ, എറിയാട് പഞ്ചായത്ത് പ്രസിഡണ്ട് പ്രസാദിനി മോഹനൻ, ജില്ലാ പഞ്ചായത്ത് അംഗം നൗഷാദ് കൈതവളപ്പിൽ, സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ ഡോ എ ബി മൊയ്തീൻകുട്ടി, ഡോക്ടർ പി എ മുഹമ്മദ് സെയ്ദ്, സിസിഎംവൈ പ്രിൻസിപ്പൽ ഡോ കെ കെ സുലൈഖ, ഹെഡ്മിസ്ട്രസ് കെ എസ് മധു, പ്രിൻസിപ്പൽ ടി വി സമീന എന്നിവർ പങ്കെടുത്തു.

## പ്രീവൈഗയും കാർഷിക പരിശീല പരിപാടിയും ഇന്ന് (ഡിസം. 3)

2020 ജനുവരി നാല് മുതൽ എട്ട് വരെ നടത്താൻ നിശ്ചയിച്ച വൈഗയുടെ മുന്നോടിയായുള ളതും പ്രീവൈഗയും കർഷകർക്കായുള്ള പരിശീലന പരിപാടിയും ഇന്ന് (ഡിസംബർ മൂന്ന്) രാവിലെ 10 ന് തൃശൂർ ടൗൺഹാളിൽ ഗവ. ചീഫ് വിപ്പ് അഡ്വ. കെ രാജൻ ഉദ്ഘാടനം ചെയ്യും. മേയർ അജിത വിജയൻ അദ്ധ്യക്ഷത വഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് മുഖ്യാതിഥിയാകും. പ്രിൻസിപ്പൽ കൃഷി ഓഫീസർ കെ രാധാകൃഷ്ണൻ പദ്ധതി വിശദീകരിക്കും. ഡെപ്യൂട്ടി മേയർ റാഫി പി ജോസ്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എൻ കെ ഉദയപ്രകാശ് തുടങ്ങിയവർ ആശംസ നേരും. ആത്മ പ്രൊജക്ട് ഡയറക്ടർമാരായ കെ ഐ സബീദ സ്വാഗ തവും ഡോ. എം വി ജയന്തി നന്ദിയും പറയും. കേരള കാർഷിക സർവകലാശാല കണ്ണാറ വാഴ ഗവേഷണ കേന്ദ്രം മേധാവി ഡോ. പി ബി പുഷ്പലത കാർഷിക മേഖലയിൽ മൂല്യ വർദ്ധനവിന്റെ പ്രാധാന്യം എന്ന വിഷയത്തിലും തൃശൂർ നബാർഡ് എജിഎം ദീപ എസ് പിള്ള നബാർഡ് പദ്ധതി കൾ എന്ന വിഷയത്തിലും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ എസ് അജിത ജില്ലാ വ്യവ സായ കേന്ദ്രം വഴി നടപ്പിലാക്കുന്ന പദ്ധതികൾ എന്ന വിഷയത്തിലും ക്ലാസ്സ് നയിക്കും. രജിസ്ട്രേ ഷൻ രാവിലെ ഒൻപതിന് ആരംഭിക്കും.

## ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സൗജന്യ തൊഴിൽ പരിശീലനശിൽപശാല ഇന്ന് (ഡിസം. 3)

ജില്ലാ എംപ്ലോയ്മെന്റ് എക്സചേഞ്ചിലെ പ്ലേസ്മെന്റ് വിഭാഗം യൂത്ത് ഫോർ ജോബ് ഫൗണ്ടേ ഷനുമായി സഹകരിച്ച് എസ്എസ്എൽസി മുതൽ വിദ്യാഭ്യാസ യോഗ്യതയുള്ള ഭിന്നശേഷിക്കാ രായ ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ മൾട്ടി നാഷണൽ കമ്പനികളിൽ റീട്ടെയിൽ, ബിപിഒ തുടങ്ങിയ മേഖലകളിൽ രണ്ടുമാസത്തെ തൊഴിൽ പരിശീലനവും പ്ലേസ്മെന്റും നൽകുന്ന സൗജന്യ തൊഴിൽ പരിശീലനം സംഘടിപ്പിക്കുന്നു. എറണാകുളത്ത് നടക്കുന്ന തൊഴിൽ പരിശീ ലനത്തിൽ ഭക്ഷണം, താമസം, യൂണിഫോം എന്നിവ സൗജന്യമായി ലഭിക്കും. ഇത് സംബന്ധിച്ച ശിൽപശാല ഇന്ന് (ഡിസംബർ മൂന്നിന്) രാവിലെ 11 ന് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നടക്കും. ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ പത്മിനി ടീച്ചർ ഉദ്ഘാടനം ചെയ്യും. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ എ എസ് അലാവുദ്ദീൻ അദ്ധ്യക്ഷത വഹി ക്കും. എംപ്ലോയ്മെന്റ് ഓഫീസർമാരായ എൻ ബി ശശികുമാർ, എം ജയശ്രീ ബീന തുടങ്ങിയവർ പങ്കെടുക്കും. താൽപര്യമുള്ളവർ നവംബർ 30 നകം ജില്ലാ എംപ്ലോയ്മെന്റ് എക്സചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യണം. ഫോൺ: 0487-2331016.

## വനിതാ കമ്മീഷൻ അദാലത്ത് 16 ന്

കേരള വനിതാ കമ്മീഷൻ അദാലത്ത് ഡിസംബർ 16 രാവിലെ പത്തിന് തൃശൂർ ടൗൺ ഹാ ളിൽ നടക്കും.

# ചൂൽ നിർമ്മാണവുമായി
# കുടുംബശ്രീ വയോജന അയൽക്കൂട്ടം

പെരിഞ്ഞനം പഞ്ചായത്തിലെ ഉജ്ജ്വല കുടുംബശ്രീ അയൽക്കൂട്ടത്തിന്റെ സംരംഭം ശ്രദ്ധേയമാകുന്നു. പുതുതലമുറയ്ക്ക് അന്യമായ ചൂൽ നിർമ്മാണവുമായാണ് പഞ്ചായത്തിലെ പത്താം വാർഡ് ഉജ്ജ്വല കുടുംബശ്രീ വയോജന അയൽക്കൂട്ടം രംഗഗത്തെത്തിയിരിക്കുന്നത്. പഞ്ചായത്തിലെ കുടുംബശ്രീ ഉൽപന്നങ്ങളുടെ ബ്രാൻഡായ 'കിത്ത് ആന്റ് കിൻ' പദ്ധതിയിലൂടെയാണ് ഈർക്കിൽ ചൂൽ നിർമ്മിച്ച് വിപണനം നടത്തുന്നത്. 60 വയസ്സിന് മുകളിൽ പ്രായമായവരുടെ മാനസിക ഉല്ലാസവും, കൂട്ടായ്മയും ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്നതാണ് കുടുംബശ്രീയുടെ വയോജന അയൽക്കൂട്ടം. പദ്ധതി ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് കെ കെ. സച്ചിത്ത് നിർവഹിച്ചു. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി എ സുധീർ അധ്യക്ഷനായി. പഞ്ചായത്ത് സെക്രട്ടറി സുജാത, പഞ്ചായത്തംഗങ്ങളായ ടി പി അജയൻ, സരിത കണ്ണൻ, വിശാലാക്ഷി, ഷീല രാജഗോപാൽ എന്നിവർ പങ്കെടുത്തു.

***അടിക്കുറിപ്പ്: ചൂൽ നിർമ്മാണവുമായി പെരിഞ്ഞനം പഞ്ചായത്തിലെ കുടുംബശ്രീ വയോജന അയൽക്കൂട്ടം***

# റോബോട്ടിക് ക്യാമ്പ് സമാപിച്ചു

മതിലകം സെന്റ് ജോസഫ്സ് എച്ച് എസ് എസിൽ നടന്ന റോബോട്ടിക് ക്യാമ്പ് സമാപിച്ചു. എംഎൽഎ ഇ ടി ടൈസൺ മാസ്റ്റർ ക്യാമ്പ് അംഗങ്ങൾ നിർമ്മിച്ച റോബോട്ട് ഏറ്റുവാങ്ങി. റോബോട്ടിക്സ് വിദഗ്ധൻ ശ്രീജിത്ത് നേതൃത്വം നൽകിയ സംഘമാണ് തെരഞ്ഞെടുക്കപ്പെട്ട 100 കുട്ടികളുടെ ക്യാമ്പ് നയിച്ചത്. പിടിഎ പ്രസിഡണ്ട് ഈസി ജീവാനന്ദൻ, പ്രധാനാധ്യാപകൻ വി കെ മുജീബ് റഹ്മാൻ, കെ വൈ അസീസ്, അനിൽ കുളങ്ങര, ജോജി ജോസഫ് തുടങ്ങിയവർ പങ്കെടുത്തു.

***അടിക്കുറിപ്പ്: മതിലകം സെന്റ് ജോസഫ്സിൽ നടന്ന റോബോട്ടിക് ക്യാമ്പിലെ അംഗങ്ങൾ നിർമ്മിച്ച റോബോട്ട് എംഎൽഎ ഇ ടി ടൈസൺ മാസ്റ്റർ ഏറ്റുവാങ്ങുന്നു.***

# പ്രായഭേദമന്യേ ഒരു നാട് മുഴുവൻ വായിക്കുന്നു

പ്രായഭേദമന്യേ ഒരു നാട് മുഴുവൻ വായിക്കുകയാണ്. അതും വീടുകളിൽ ആരംഭിച്ച വിദ്യാർത്ഥികളുടെ ലൈബ്രറികളിൽ നിന്നുള്ള പുസ്തകങ്ങൾ. തൃശ്ശൂർ ജില്ലയിലെ പാറളം പഞ്ചായത്തിലാണ് ഹോം ലൈബ്രറിയെന്ന ആശയം നാടാകെ ഏറ്റെടുക്കുന്നത്.

തൃശ്ശൂർ അമ്മാടം സെന്റ് ആന്റണീസ് ഹയർ സെക്കന്ററി സ്കൂളിൽ ആരംഭിച്ച അക്ഷരസാഗരമെന്ന പദ്ധതിയുടെ രണ്ടാം ഘട്ടമാണ് വീടുകളിൽ ലൈബ്രറി ഒരുങ്ങുന്നതിലേക്ക് കടന്നത്. കുട്ടികളിൽ വായനാശീലം വർധിപ്പിക്കുന്നതിന് സ്കൂളിൽ റീഡേഴ്സ് കോർണർ ഒരുക്കിയായിരുന്നു ആദ്യഘട്ടം. ''റീഡേഴ്സ് മീഡോ'' എന്നാണ് കുട്ടികളുടെ വീടുകളിലെ ലൈബ്രറികൾക്ക് പേരിട്ടിരിക്കുന്നത്. പള്ളിപ്പുറം പടിഞ്ഞാട്ടുമുറിയിലെ വീട്ടിൽ തുടങ്ങിയ ലൈബ്രറിയുടെ ഉദ്ഘാടനം നിർവഹിച്ചത് ടി.എൻ.പ്രതാപൻ എം.പിയായിരുന്നു. ഈ വീട്ടിലെ വിദ്യാർത്ഥിയും സമീപത്തെ വിദ്യാർഥികളുമാണ് ഹോം ലൈബ്രറിയുടെ ചുമതലക്കാർ. പുസ്തകങ്ങളുടെ കാറ്റലോഗും ഇഷ്യൂരജിസ്റ്ററുമെല്ലാം കൈകാര്യം ചെയ്യുന്നത് വിദ്യാർഥികൾ തന്നെ. ആർക്കും ഈ കുട്ടികളുടെ വീട്ടിലെ ലൈബ്രറിയിലെത്തി പുസ്തകങ്ങൾ വായിക്കാനെടുക്കാം. വരിസംഖ്യയോ, മറ്റ് ഫീസുകളോ ഒന്നും നൽകേണ്ടതില്ല. വൈകീട്ട് സ്കൂൾ പ്രവൃത്തി സമയം കഴിഞ്ഞ് വീട്ടിലെത്തിയ ശേഷം അഞ്ച് മുതൽ ഏഴ് വരെയാണ് ഈ ഹോം ലൈബ്രറിയുടെ പ്രവൃത്തിസമയം.

ഇതിനകം പഞ്ചായത്തിൽ ആരംഭിച്ച രണ്ട് ഹോം ലൈബ്രറികളിൽ പ്രായഭേദമന്യേ നിരവധി പേർ അംഗത്വമെടുത്തു കഴിഞ്ഞു. പദ്ധതിക്ക് മികച്ച പ്രതികരണമാണ് ലഭിച്ചുവരുന്നത്. ഹോം

ലൈബ്രറികൾ വ്യാപിപ്പിക്കാനുള്ള നീക്കത്തിലാണ് സ്കൂളെന്ന് പ്രധാനാധ്യാപകൻ സ്റ്റെയ്നി ചാക്കോ പറഞ്ഞു.

## സ്കൂൾ പരിസരം സുരക്ഷിതമാക്കൽ; കൊടുങ്ങല്ലൂർ നഗരസഭ കണ്ടിഞ്ചന്റ് തൊഴിലാളികളെ നിയമിക്കും

സ്കൂൾ പരിസരം വൃത്തിയായും സുരക്ഷിതമായും സൂക്ഷിക്കുന്നതിനായി കൊടുങ്ങല്ലൂർ നഗരസഭ കണ്ടിഞ്ചന്റ് തൊഴിലാളികളെ നിയമിക്കുന്നു. പരിസരത്ത് കൂട്ടിയിട്ടിരിക്കുന്ന വിറകും തടിക്കഷ്ണങ്ങളും കരിങ്കല്ലുമെല്ലാം എടുത്തു മാറ്റുവാനാണ് തൊഴിലുറപ്പ് തൊഴിലാളികളെയും നഗരസഭ കണ്ടിഞ്ചന്റ് തൊഴിലാളികളെയും നിയോഗിക്കുന്നത്. കൊടുങ്ങല്ലൂർ നഗരസഭയുടെ കീഴിലുള്ള എല്ലാ സ്കൂളുകളുടെയും പ്രധാന അധ്യാപകരുടെയും, പിടിഎ പ്രസിഡന്റുമാരുടെയും യോഗത്തിലാണ് തീരുമാനം. സർക്കാർ -എയ്ഡഡ് - അൺ എയ്ഡഡ് മേഖലകളിലുള്ള 36 സ്കൂളുകളുടെ ഭാരവാഹികളാണ് യോഗത്തിൽ പങ്കെടുത്തത്. വിദ്യാലയങ്ങളിൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള പരിപാടികൾ യോഗത്തിൽ ആസൂത്രണം ചെയ്തു.

സ്കൂളുകളിൽ പാമ്പുകളെ അകറ്റുന്നതിനായി മാളങ്ങളും കുഴികളും അടയക്കുകയും പുല്ലും കാടും വെട്ടുകയും ചെയ്യും. പി ടി എ കമ്മിറ്റികളുടെ സഹായത്തോടെ ഓരോ സ്കൂളുകളുടെയും പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരം കാണും. നഗരസഭ ചെയർമാൻ കെ ആർ ജൈത്രൻ ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിററി ചെയർമാൻ പി എൻ രാമദാസ് അധ്യക്ഷത വഹിച്ചു. വികസന സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ കെ എസ് കൈസാബ്, ആരോഗ്യ കാര്യ സ്റ്റാന്റിങ് കമ്മിററി ചെയർമാൻ സി കെ രാമനാഥൻ, നഗരസഭ സെക്രട്ടറി ടി കെ സുജിത് എന്നിവർ പങ്കെടുത്തു.

## അയ്യന്തോൾ കർഷക നഗർ ഗ്രൗണ്ടിൽ 60 ലക്ഷത്തിന്റെ കുടിവെള്ള പദ്ധതി

അയ്യന്തോൾ കർഷക നഗർ ഗ്രൗണ്ടിൽ 60 ലക്ഷത്തിന്റെ കുടിവെള്ള പദ്ധതി ഒരുങ്ങുന്നു. അയ്യന്തോൾ പഞ്ചിക്കലിൽ കോർപറേഷൻ പണി തീർത്ത ഷീ ലോഡ്ജിനടുത്തുള്ള വറ്റാത്ത കിണറിൽ നിന്നുമാണ് വെള്ളം പമ്പ് ചെയ്യുക. ഈ വെള്ളം പൈപ്പ് ലൈൻ വഴി കർഷക നഗർ ഗ്രൗണ്ടിൽ കുടുംബ കോടതിയുടെ പുറകിലായി പണിയുന്ന 54000 ലിറ്റർ വെള്ളം ഉൾക്കൊള്ളുന്ന വാട്ടർ ടാങ്കിൽ എത്തിക്കും. കിണർ വൃത്തിയാക്കി വെള്ളം ശുചീകരിച്ചാണ് വെള്ളം ടാങ്കിൽ എത്തിക്കുക. ഇവിടെ തന്നെ മോട്ടോർ ഷെഡ് സജ്ജമാക്കി കോർപറേഷൻ ഡിവിഷൻ 55 ലെ ഗുണഭോക്താക്കൾക്ക് പൊതു പൈപ്പ് വഴി വെള്ളം ലഭ്യമാക്കും. 2016- 17 സാമ്പത്തിക വർഷത്തിൽ 11 ലക്ഷം രൂപയും, 2019-20 വർഷത്തിൽ 45 ലക്ഷം രൂപയുമാണ് ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്. ഇതോടെ നിരവധിപേർ തിങ്ങി പാർക്കുന്ന അയ്യന്തോൾ കർഷക നഗർ ഗ്രൗണ്ട് പരിസരത്തെ വേനൽകാലത്തെ കുടിവെള്ള ക്ഷാമത്തിന് പരിഹാരമാകും.

## നൈറ്റ് ഷോപ്പിംഗ് - ഡിസംബർ 15 വരെ നഗരം വൃത്തിയാക്കും

ഡിസംബർ 15 മുതൽ ജനുവരി 15 വരെ ജില്ലയിൽ നടക്കുന്ന ഹാപ്പി ഡേയ്സ് നൈറ്റ് ഷോപ്പിങ്ങിന്റെ ഭാഗമായി നഗരം വൃത്തിയാക്കും. ലയൺസ് ക്ലബ്, റോട്ടറി ക്ലബ്, വാക്കേഴ്സ് ക്ലബ്, റെസിഡന്റ്സ് അസോസിയേഷനുകൾ, വിദ്യാർത്ഥി യുവജന വിഭാഗങ്ങൾ, ഹോട്ടൽ ബേക്കറി ജീവനക്കാർ, ആർട്സ് സ്പോർട്സ് ക്ലബ്ബുകൾ, വ്യാപാരി വ്യവസായി യുവ ജന വിഭാഗങ്ങൾ, ചുമട്ടു തൊഴിലാളികൾ, ഓട്ടോറിക്ഷ, ബസ് ജീവനക്കാർ എന്നിവരുടെ പങ്കാളിത്തത്തോടെയാണ് നഗരം വൃത്തിയാക്കുക. കുടുംബ ശ്രീ, ഓസ്കാർ ഇവന്റസ് സംഘടന അംഗങ്ങളും ശുചീകരണ പ്രവർത്തനത്തിൽ പങ്കാളികളാകും. ഇതോടൊപ്പം തന്നെ റോഡുകൾ മോടികൂട്ടലും, നഗരം മുഴുവൻ ദീപാലങ്കാരം ഒരുക്കി കടകൾ മോഡി പിടിപ്പിക്കലും നടത്തും.

# ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് ഐ.എസ്.ഒ നിറവിൽ

ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് ഐ.എസ്.ഒ. നിലവാരത്തിലേക്ക്. ഗ്രാമ പഞ്ചായത്തുകളിൽ മികച്ച പ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കും ഭൗതികസൗകര്യങ്ങൾക്കുമായാണ് ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് പഞ്ചായത്തുകൾക്ക് നൽകുന്നത്. സർക്കാർ സേവനങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായും ജനങ്ങൾക്ക് ലഭ്യമാക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായാണിത്.

ഐ.എസ്.ഒ പ്രഖ്യാപന സമ്മേളനം ടി.എൻ. പ്രതാപൻ എം.പി ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി. മുസ്താക്ക് അലി അദ്ധ്യക്ഷത വഹിച്ചു. വൈസ്. പ്രസിഡന്റ് നസീമ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരായ എം.എ. അബൂബക്കർ ഹാജി, ഷാജിത ഹംസ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കെ. എം. വിനീത് എന്നിവർ പങ്കെടുത്തു.

***അടിക്കുറിപ്പ്: ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ ഐഎസ്ഒ പ്രഖ്യാപനം ടി എൻ പ്രതാപൻ എംപി ഉദ്ഘാടനം ചെയ്യുന്നു.***

# സൗജന്യ വന്ധ്യത ചികിത്സ പദ്ധതി
# ജില്ലാ ഹോമിയോപ്പതി ആശുപത്രിയിൽ

കുട്ടികൾ ഇല്ലാത്തവർക്ക് സർക്കാർ പദ്ധതിയായ ജനനിയിലൂടെ ജില്ലാ ഹോമിയോ ആശുപത്രിയിൽ സൗജന്യ ചികിത്സ നൽകുന്നു. സാമ്പത്തിക ബാധ്യത മൂലം പാതിവഴിയിൽ വന്ധ്യതാ ചികിത്സ അവസാനിപ്പിക്കേണ്ടിവരുന്ന സാധാരണ ജനങ്ങൾക്ക് ജനനി പദ്ധതി ഉപകാരപ്രദമാകും.

സ്ത്രീ വന്ധ്യതയുടെ കാരണങ്ങളായ പോളിസിസ്റ്റിക്ക് ഓവേറിയൻ സിൻഡ്രോം ,ഗർഭാശയ മുഴകൾ, എൻഡോമെട്രിയോസിസ്, ഹോർമോൺ വ്യതിയാനങ്ങൾ തുടങ്ങിവയ്ക്ക് ഹോമിയോപ്പതിയിൽ ചികിത്സ ലഭ്യമാണ്. തുടർച്ചയായ ഗർഭഛിദ്ര കേസുകളിലും, ഐവിഎഫ്, ഐസിഎസ്ഐ ചികിത്സാ രീതികൾ പരാജയപ്പെട്ടവരിൽ പോലും ചുരുങ്ങിയ കാലയളവിൽ ഹോമിയോപ്പതി ചികിത്സ ഫലപ്രാപ്തി കൈവരിച്ചിട്ടുണ്ട്.

2012-ൽ കണ്ണൂർ ജില്ലാ ഹോമിയോപ്പതി ആശുപത്രിയിലാണ് അമ്മയും കുഞ്ഞും എന്ന പേരിൽ വന്ധ്യതാ ചികിത്സ ആരംഭിച്ചത്. മികച്ച പ്രതികരണം ലഭിച്ചതോടെ മറ്റ് ജില്ലാ ഹോമിയോ ആശുപത്രികളിലേക്ക് ജനനി എന്ന പേരിൽ പദ്ധതി വ്യാപിപ്പിച്ചു. ചികിത്സയിലൂടെ സംസ്ഥാനത്ത് 2000 കേസുകളിൽ ഫലപ്രാപ്തിയുണ്ടായിട്ടുണ്ട്.

കേരള സർക്കാർ ഹോമിയോ വകുപ്പിന്റെ കീഴിൽ 2019 മുതൽ ജില്ലാ ഹോമിയോപ്പതി ആശുപത്രികളിൽ ജനനി ഫെർട്ടിലിറ്റി സെന്റർ ഒ.പി. ആ രംഭിച്ചിട്ടുണ്ട്. തിങ്കൾ മുതൽ ശനിവരെ എല്ലാ ദിവസവും ഡോക്ടർമാരുടെ സേവനം ഒ പി യിൽ ലഭ്യമാണ്. സ്ത്രീ/ പുരുഷ വന്ധ്യതയുടെ കാരണങ്ങൾക്കുള്ള ചികത്സ, ബോധവത്ക്കരണം എന്നിവ ജില്ലാ ഹോമിയോ ആശുപത്രിയിൽ ലഭ്യമാണ്. 0487 2389063 എന്ന നമ്പറിൽ മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

**തുടരും**